# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അപേക്ഷകൾക്ക് ഫീസ് വർദ്ധിപ്പിയ്ക്കൽ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4210. 20.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതെല്ലാം അപേക്ഷകൾക്കാണ് ഫീസ് വർദ്ധിപ്പിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുന്ന അപേക്ഷകൾക്കും സേവനങ്ങൾക്കും ഫീസ് ഈടാക്കുന്നത് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമാണ്. ആയതിൽ ഭേദഗതികൾ സമീപകാലയളവിൽ വരുത്തിയിട്ടില്ല. 2012-ലെ സേവന അവകാശ ചട്ടങ്ങൾ പ്രകാരം അപേക്ഷകൾക്ക് 10/- രൂപയും അതിനു താഴെയുള്ള ഫീസുകളുമാണ് ഈടാക്കി വരുന്നത്. |
| (ബി) | വർദ്ധനവിലൂടെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഏകദേശം എത്ര ശതമാനം വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | അപേക്ഷാ ഫീസിനത്തിലും നികുതിയിനത്തിലും വരുത്തുന്ന വർദ്ധനവ് പൊതുജനങ്ങളെ ഏതെല്ലാം തരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തുന്നതിന് എന്തെങ്കിലും പഠനങ്ങളോ പരിശോധനകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ ഈടാക്കി വരുന്ന ഫീസുകളും നികുതികളും കുറഞ്ഞ നിരക്കിലുള്ളതാണ്. ആയതിനാൽ ഇത് പൊതുജനങ്ങളെ ദോഷകരമായി ബാധിക്കുന്നതോ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതോ അല്ല. |

സെക്ഷൻ ഓഫീസർ